"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി6/2706/2016/സി.ഇ/തസ്വഭവ

തീയതി : 13.08.2017

# സർക്കുലർ

വിഷയം:- തസ്വഭവ – സാങ്കേതിക വിഭാഗം – ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ & വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും, ഹോസ്റ്റലുകളുടെയും നടത്തിപ്പ് – സംബന്ധിച്ച്.

സൂചന:- അങ്ങയുടെ 26.04.2017 – ലെ 422/എ-3/2015/കേ.സം.ബാ.സം.ക നമ്പർ കത്ത്.

*********

സംസ്ഥാനത്തെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗമായ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലേയും, ഹോസ്റ്റലുകളിലേയും നിരവധി പ്രശ്നങ്ങൾ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, ആർ.റ്റി.ഐ ആക്ടിന്റെ നിരീക്ഷണാധികാര സ്ഥാപനമെന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും, സാംസ്കാരിക-സാമ്പത്തിക-സാമൂഹിക മേഖലകളിൽ പങ്കാളികളാകുവാനും, സ്വതന്ത്രമായി സ്വന്തം ഇഷ്ടത്തോടെ ഒരു തൊഴിലിൽ എത്തിച്ചേരാനും നിയമത്തിലെ വ്യവസ്ഥകളും സർക്കാർ സംവിധാനങ്ങളും എത്രത്തോളം സഹായിക്കുന്നുവെന്ന് വിലയിരുത്തുന്നതിനുമായി കമ്മീഷൻ നടത്തിയ കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് സൂചന മുഖേന ലഭ്യമാക്കിയിട്ടുള്ളതാണ്. ടി റിപ്പോർട്ടിൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെയും, ഹോസ്റ്റലിന്റെയും പരിതാപകരമായ അവസ്ഥ പരിഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

ആയതിനാൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെയും, ഹോസ്റ്റലിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകി ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ / കമ്മിറ്റിയുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ